**Regional Language- Malayalam**

**<u>അപേക്ഷിക്കേണ്ട വിധം - ഓൺലൈൻ അപേക്ഷാ നടപടിക്രമം</u>**

(1) കാൻഡിഡേറ്റിന്റെ മൊബൈൽ നമ്പർ അവൻ/അവളുടെ ആധാറുമായി ബന്ധിപ്പിക്കണം,അതേ സമയം ഒറ്റ ത്തവണ പാസ്സ്വേർഡ് ഉപയോഗിച്ച് ഇത് പരിശോധിക്കുകയും വേണം.

(2) പരീക്ഷാ ദിവസം സ്ഥിരീകരണത്തിനായി ഇ–ആധാർ, ഓഫ്ലൈൻ ആധാർ എക്സ്എംഎൽ എന്നിവ ഡൗൺലോഡ് ചെയ്യുന്നതിന് മുമ്പ് പരീക്ഷാർത്ഥി ഏറ്റവും പുതിയ ഫോട്ടോഗ്രാഫ് ആധാറിൽ അപ്ഡേറ്റ് ചെയ്തിരിക്കണം.

(3) https://eaadhaar.uidai.gov.in ൽ നിന്ന് ഡൗൺലോഡ് ചെയ്ത ഇ–ആധാറിന്റെ ഏറ്റവും പുതിയ പകർപ്പ് അല്ലെങ്കിൽ പുതിയ ഫോട്ടോഗ്രാഫുള്ള ആധാർ കത്തും അഡ്മിറ്റ് കാർഡും സ്ഥിരീകരണ ആവശ്യത്തിനായി കൈവശം വച്ചിരിക്കണം. അഡ്മിറ്റ് കാർഡ് ലഭ്യമല്ല അല്ലെങ്കിൽ ഇ –ആധാർ /ആധാർ കത്തിൽ അച്ചടിച്ച ഫോട്ടോഗ്രാഫുമായി സാമ്യമില്ലായെങ്കിൽ പരീക്ഷാർത്ഥി അയോഗ്യനാക്കപ്പെടും.

(4) https://resident.uidai.gov.in/offlineaadhaar – ലിങ്കിൽ നിന്ന് “ഓഫ്ലൈൻ ആധാർ എക്സ്എംഎൽ ഫയൽ” ഡൗൺലോഡ് ചെയ്ത് നിങ്ങൾക്ക് ഇഷ്ടമുള്ള “ഷെയർ കോഡ്” തിരഞ്ഞെടുക്കുക

(5) താഴെ കൊടുത്തിരിക്കുന്ന ലിങ്കിൽ – https://uidai.nseitexams.com/UIDAI/LoginAction.action പുതിയ ഉപയോക്താവ്" നിർമ്മിക്കുന്നതിനായി ഓഫ്ലൈൻ ആധാർ എക്സ്എംഎൽ ഫയൽ അപ്ലോഡുചെയ്യുക അല്ലെങ്കിൽ ഷെയർ കോഡ്, വിർച്ച്വൽ ഐഡി, മൊബൈൽ നമ്പർ എന്നിവ ആധാറിൽ ഉള്ളതുപോലെ നൽകുകയും ചെയ്യണം.

(6) ആധാർ പ്രകാരം രജിസ്റ്റർ ചെയ്ത മൊബൈൽ ഉപയോഗിച്ച് സ്ഥാനാർത്ഥിക്ക് ലഭിച്ച ഓഫ്ലൈൻ ആധാർ എക്സ് എം എഫ് എം ഫയലും മൊബൈൽ നമ്പറും വിജയകരമായി പരിശോധിച്ച ശേഷം, ഒരു "ഒ പി ടി" കാൻഡിഡേറ്റിന്റെ മൊബൈൽ നമ്പറിലേക്ക് അയയ്ക്കുകയും അവന്റെ/അവളുടെ രജിസ്ട്രേഷൻ സ്ഥിരീകരിക്കുകയും കാൻഡിഡേറ്റിന്റെ ഓഫ് ലൈൻ ആധാർ വിവരങ്ങൾ ഉപയോഗിക്കാൻ NSEIT ലിമിറ്റഡിന് അനുമതി നൽകുകയും ചെയ്യുന്നു.

(7) രജിസ്ട്രേഷൻ ഐഡിയും സ്ഥിരസ്ഥിതി പാസ് വേർഡും കാൻഡിഡേറ്റിന്റെ മൊബൈൽ നമ്പറിലേക്കും ഇമെയിൽ ഐഡിയിലേക്കും അയയ്ക്കും. ആദ്യത്തെ ലോഗിൻ പ്രവേശനത്തിൽ തന്നെ സ്ഥിരസ്ഥിതി പാസ് വേർഡ് മാറ്റേണ്ടതുണ്ട്. സെർട്ടിഫിക്കേഷൻ പരീക്ഷയിൽ അറ്റൻഡ് ചെയ്യാനും എൻ എസ് ഇ ഐ ടി രജിസ്ട്രേഷൻ പോർട്ടലിൽ അവന്റെ / അവളുടെ വിശദാംശങ്ങൾ കാണുന്നതിനും രജിസ്ട്രേഷൻ ഐഡിയും പുതിയ പാസ് വേർഡും ഓർമ്മയിൽ വെയ്ക്കേണ്ടതാണ്.

(8) രജിസ്ട്രേഷൻ ഐഡി, പുതിയ പാസ് വേർഡ് എന്നിവ ഉപയോഗിച്ച് പ്രവേശനത്തിനു ശേഷം അപേക്ഷാ ഫോറത്തിൽ മുൻഗണനയുള്ള "ഓഫ് ലൈൻ ആധാർ വിശദാംശങ്ങൾ" കാണാൻ കഴിയും.കാൻഡിഡേറ്റ് അവരുടെ / അവളുടെ വിദ്യാഭ്യാസ യോഗ്യത, സർട്ടിഫിക്കേഷൻ റോൾ, തിരഞ്ഞെടുത്ത ടെസ്റ്റ് സെന്റർ, എൻറോൾമെന്റ് ഏജൻസി കോഡ് എന്നിവ തെരഞ്ഞെടുത്ത് അപേക്ഷാ ഫോം സമർപ്പിക്കണം.

(9) അപേക്ഷാ ഫോം സമർപ്പിച്ചതിനു ശേഷം ,കാൻഡിഡേറ്റ് രണ്ട് ഓപ്ഷൻസ് അടങ്ങിയ "പേയ്മെന്റ് ടാബ്" ക്ലിക്ക് ചെയ്യണം_

(എ) ഓൺലൈൻ പെയ്മെന്റ് (പുതിയഉപയോക്താക്കൾക്ക് ബാധകമാണ്)

(ബി) ഇതിനകം പണമടച്ചിട്ടുള്ളത് (നേരത്തെ  പണം അടച്ചവർക്ക് അപേക്ഷിക്കാം, എന്നാൽ പേയ്മെന്റ് സാധുതയാകുന്നതുവരെ പരീക്ഷ ഷെഡ്യൂൾ ചെയ്തിട്ടുണ്ടാവരുത് എന്നുവെച്ചാൽ    180 ദിവസം അല്ലെങ്കിൽ   സാധുതയുള്ള ഓൺലൈൻ ബൾക്ക് പേയ്മെന്റ്    ഏതെങ്കിലും എൻറോൾമെന്റ് ഏജൻസി / രജിസ്ട്രാർ)

(10) പേയ്മെന്റ് വിജയകരമായി സ്വീകരിക്കപ്പെട്ടാൽ, യഥാർത്ഥ സർട്ടിഫിക്കേഷൻ പരീക്ഷയുടെ രൂപവും ഭാവവും മനസ്സിലാക്കാൻ "മോക്ക് പരീക്ഷ" സ്വീകരിക്കേണ്ടതാണ്. സീറ്റ് ബുക്കിങ് പേജ് സജീവമാകുകയും, അവിടെ സ്ഥാനാർഥിക്ക് ടെസ്റ്റ് സെന്ററും പരീക്ഷാ സ്ലോട്ടും ബുക്ക് ചെയ്യുകയും ബുക്കിംഗിനെ സ്ഥിരീകരിക്കുകയും ചെയ്യാം.

(11) ടെസ്റ്റ് സെന്റർ, പരീക്ഷാ സമയം, ടെസ്റ്റ് സെന്ററിന്റെ വിലാസങ്ങൾ, പ്രധാന പോയിന്റുകൾ, പേയ്മെന്റ് വിശദാംശങ്ങൾ എന്നിവയെല്ലാം അഡ്മിറ്റ് കാർഡിൽ ഉണ്ടാവും. പരിശോധനാ ആവശ്യത്തിനായി, ഇ-ആധാറിന്റെ ഏറ്റവും പുതിയ കോപ്പി / പ്രിന്റൗട്ടും  അഡ്മിറ്റ് കാർഡും പരീക്ഷാ ദിവസം കാൻഡിഡേറ്റിന്റെ കൈവശം ഉണ്ടായിരിക്കണം.

(12) തിരിച്ചു കൊടുക്കൽ നയം ഇല്ല  - ഒരിക്കൽ പണമടച്ച ഫീസ് ഏതു അക്കൗണ്ടിലും റീഫണ്ട് ചെയ്യില്ല. ഏതെങ്കിലും പേയ്മെന്റ് പരാജയപ്പെട്ടാൽ, റീഫണ്ട് അല്ലെങ്കിൽ പുതിയ പേയ്മെന്റിന് ദയവായി uidai_admin@nseit.com ലേക്ക് എഴുതുക

(13) ഫീസിന്റെ സാധുത - പേയ്മെന്റ് ചെയ്ത്  180ദിവസം വരെയാണ് സർട്ടിഫിക്കേഷൻ ഫീസിന്റെ കാലാവധി.

(14) ഓൺലൈൻ ഫീസ് പെയ്മെൻറ് ചെയ്ത് 15 ദിവസത്തിനു ശേഷവും  തിരഞ്ഞെടുത്ത ടെസ്റ്റ് സെന്ററിൽ സ്ലോട്ടുകൾ ലഭ്യമാകാതിരുന്നാൽ,  രജിസ്ട്രേഷൻ ഐഡി വെച്ച് uidai_admin@nseit.com ലേക്ക് ഇമെയിൽ അയയ്ക്കുകയോ അല്ലെങ്കിൽ ട്രെയിനിംഗ്,ടെസ്റ്റിംഗ്ആൻഡ് സർട്ടിഫിക്കേഷൻ ഡിവിഷൻ UIDAI HQ വിനെ (https://uidai.gov.in/contact-support/contact-directory/uidai-headquarter/training,-testing-certification-division.html) എസ്കലേഷൻ, സ്ലോട്ട് അലോക്കേഷന് വേണ്ടി ബന്ധപ്പെടുകയും ആകാം.

(15) ബൾക്ക് ഓൺലൈൻ പേയ്മെന്റ്, ബൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ, ബൾക്ക് ഓൺലൈൻ ഷെഡ്യൂളിംഗ്, എന്നിവയ്ക്കായി എൻറോൾമെന്റ് ഏജൻസി / രജിസ്ട്രാർ പരിശീലന, ടെസ്റ്റിംഗ് ആൻഡ് സർട്ടിഫിക്കേഷൻ ഡിവിഷൻ UIDAI HQ (https://uidai.gov.in/contact-support/contact-directory/uidai-headquarter/training,-testing-certification-division.html)എന്നിവയുമായി ബന്ധപ്പെടണം.

(16) മറ്റേതെങ്കിലും അന്വേഷണത്തിന്, താഴെപ്പറയുന്ന നമ്പറിൽ  അപേക്ഷകർക്ക് ബന്ധപ്പെടാവുന്നതാണ് , 022-42706500 സമയം: 9:30 AM – 6:00 PM (തിങ്കൾ- ശനി )അല്ലെങ്കിൽ ഇമെയിൽ അയയ്ക്കുക: uidai_admin@nseit.com.